ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

103 [3112] ശ്രീ. ഇ. എം. അഗസ്തി:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, എൻ. ഡി. അപ്പച്ചൻ:
ശ്രീമതി. മാലേത്ത് സരളാദേവി:
പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വർക്ക് കോൺട്രാക്ടുകൾ നൽകുന്ന കാര്യത്തിൽ ഇവയ്ക്ക് എന്തെല്ലാം വിധത്തിലുള്ള ആനുകൂല്യങ്ങൾ നൽകുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ ആനുകൂല്യങ്ങൾ സ്വീകരിച്ചുകൊണ്ട് അവ ഏറ്റെടുക്കുന്ന വർക്കുകൾ മേലാദായം പറ്റി ബിനാമികൾക്ക് കൊടുക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചു?

ഉത്തരം

(എ) 2001-ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് 51 ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ പ്രവർത്തിക്കുന്നതായി കണക്കാക്കപ്പെടുന്നു.
(ബി, സി, ആന്റ് ഡി) വിവരം ശേഖരിച്ചു വരുന്നതേയുള്ളൂ. വിവരം ശേഖരിച്ചു ഉടനെ നൽകുന്നതാണ്.

കെ. എസ്. ആർ. ടി. സി.-യെ നവീകരിക്കുന്നതിനും ആധുനിക വൽക്കരിക്കുന്നതിനും നടപടികൾ

104 [3113] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യെ നവീകരിക്കുന്നതിനും ആധുനിക വൽക്കരിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് നടപ്പിലാക്കിയതെന്ന് വെളിപ്പെടുത്താമോ;

(ബി) കെ.എസ്.ആർ.ടി.സി.-യ്ക്ക് മുൻസർക്കാരിന്റെ കാലത്തുണ്ടായിരുന്ന കടബാദ്ധ്യത ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി.-യ്ക്ക് ഉണ്ടായിരുന്ന പ്രതിമാസനഷ്ടം എത്ര രൂപയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ഥിതി ഗണ്യമായി മെച്ചപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കെ. എസ്. ആർ. ടി. സി.-യെ നവീകരിക്കുന്നതിനും, ആധുനിക വൽക്കരിക്കുന്നതിനും വേണ്ടി യു.ഡി.എഫ്.-ന്റെ ഉന്നതാധികാര സമിതിയുടെ ശുപാർശകൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായി കെ. എസ്. ആർ. ടി. സി. അന്തർദേശീയ നിലവാരമുള്ള 2 വോൾവോ ബസ്സുകൾ നിരത്തിലിറക്കി. ദേശീയപാതകളിൽ ഓടിക്കൊണ്ടിരുന്ന പഴയ ബസ്സുകൾ പിൻവലിക്കുകയും, തൽസ്ഥാനത്ത് പുതിയ ഹൈടെക്ക് ബസ്സുകൾ ഓടിക്കുകയുണ്ടായി. മലയോരപ്രദേശങ്ങളിലെ യാത്രാക്ലേശം പരിഹരിക്കുന്നതിനും, പാരലൽ സർവ്വീസുകളെ നിയന്ത്രിക്കുന്നതിനുമായി പുതിയ മിനി ബസ്സുകൾ നിരത്തിലിറക്കി. യാത്രാകാലങ്ങളിൽ സ്ത്രീകൾക്ക് വിശ്രമിക്കുന്നതിനായി ആധുനികരീതിയിലുള്ള സംവിധാനങ്ങൾ യാത്രക്കാർ കൂടുതൽ വന്നുപോകുന്ന ഡിപ്പോകളിൽ ഏർപ്പെടുത്തി.

(ബി) മുൻ സർക്കാരിന്റെ കാലത്ത് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കടം എടുത്തിരുന്ന ഏകദേശം 119 കോടി രൂപയോളം അടച്ച് തീർത്തിട്ടുണ്ട്.

(സി) 2000-2001-ലെ കണക്കനുസരിച്ച് ആ വർഷത്തെ നഷ്ടം 160.90 കോടി രൂപയായിരുന്നു. അതനുസരിച്ച് കെ. എസ്. ആർ. ടി. സി.-യുടെ പ്രതിമാസ നഷ്ടം 13.20 കോടിരൂപയാണ്.

(ഡി) സ്ഥിതി മെച്ചപ്പെട്ടിട്ടുണ്ട്. 2002-2003-ലെ കണക്ക് പൂർത്തിയായി വരുന്നതേയുള്ളു.

കെ. എസ്. ആർ. ടി. സി.-യുടെ വരുമാനം മെച്ചപ്പെടുത്താൻ നടപടി

105 [3114] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ പ്രതിമാസ നഷ്ടം എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) കോർപ്പറേഷന്റെ ബസ്സുകൾ ഒരു കിലോമീറ്റർ ദൂരം ഓടുമ്പോൾ എന്തു തുക കളക്ഷൻ ഇനത്തിൽ കിട്ടുന്നു;

(സി) കോർപ്പറേഷന്റെ ചെലവ് നിയന്ത്രിച്ച് നഷ്ടം കുറയ്ക്കുവാൻ എന്തെല്ലാം പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു;

(ഡി) ചാർജ്ജ് ഉടനെ വർദ്ധിപ്പിക്കാതെ കോർപ്പറേഷന്റെ നഷ്ടം ഒഴിവാക്കാനുള്ള മാർഗ്ഗത്തെപ്പറ്റി പഠനം നടത്തുമോ?

ഉത്തരം

(എ) 2003-04-ലെ കണക്ക് പൂർത്തിയായിട്ടില്ല. 2003-04 എസ്റ്റിമേറ്റ് അനുസരിച്ചു പ്രതിമാസ നഷ്ടം 11.02 കോടി രൂപയാണ്.

(ബി) ജൂലൈ മാസം 14-ാം തീയതി വരെയുള്ള കണക്ക് അനുസരിച്ച് ഒരു കി.മീ. ഓടുമ്പോൾ 16 രൂപ 17 പൈസയാണ് ലഭിക്കുന്നത്.

(സി) നഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി ചെലവ് ചുരുക്കുകയും വരുമാനം വർദ്ധിപ്പിക്കുന്നതിന് ശ്രമിക്കുകയും ചെയ്തുവരുന്നു. ഇതിന്റെ ഭാഗമായി

LIBRARY ARCHIVES Kerala Legislative Assembly